**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 253** **10-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജിലെ ശസ്ത്രക്രിയാ പിഴവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ ആറാം വിരൽ നീക്കം ചെയ്യാനെത്തിയ നാലു വയസ്സുകാരിക്ക് നാവിന് ശസ്ത്രക്രിയ നടത്തിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഓപ്പറേഷനിൽ പിഴവ് വരുത്തിയ ഡോക്ടറെ അന്വേഷണവിധേയമായി സർവീസിൽ നിന്നും അന്ന് തന്നെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടി സംഭവത്തെ കുറിച്ച് അന്വേഷണം നടത്തിയ കമ്മിറ്റിയുടെ കണ്ടെത്തലിൽ ഓപ്പറേഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിൽ ഡോക്ടറുടെ ഭാഗത്തുനിന്നും ഉണ്ടായ ക്ലറിക്കൽ മിസ്റ്റേക്ക് ആണ് ഇത്തരമൊരു സംഭവത്തിലേയ്ക്ക് നയിച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികൾ കാര്യക്ഷമമായാണ് പ്രവർത്തിച്ച് വരുന്നത്. എന്നിരുന്നാലും ഇത്തരത്തിലുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള ജാഗ്രത പുലർത്തുന്നുണ്ട്. |
| (സി) | സമാനമായ സംഭവങ്ങൾ ആവർത്തിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | മെഡിക്കൽ കോളേജ് ആശുപത്രി ഓപ്പറേഷൻ തിയേറ്ററുകളുമായി ബന്ധപ്പെട്ട് WHO നിഷ്കർഷിക്കുന്ന പ്രോട്ടോക്കോൾ കർശനമായി പാലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തിയേറ്റർ സ്റ്റാഫിനുവേണ്ട ട്രെയിനിംഗും, ഓറിയന്റേഷൻ ക്ലാസുകളും നൽകിവരുന്നു. എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന രോഗികളുടെ തൽസ്ഥിതി വിവരങ്ങൾ യഥാസമയം ബന്ധുക്കളെ അറിയിക്കാൻ അതാത് യൂണിറ്റിലെ ഒരു ഫാക്കൽറ്റി മെമ്പറേയും, തിയേറ്ററിന്റെ ചുമതലയുള്ള സീനിയർ നേഴ്സിംഗ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഒരു നേഴ്സിംഗ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് ആശയവിനിമയത്തിൽ ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആശയവിനിമയം നടത്താൻ സൗകര്യപ്രദമായ ഒരു റൂം/ഏരിയ എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും ഒരുക്കിയിട്ടുണ്ട്. വകുപ്പ് മേധാവികളുടെ നേതൃത്വത്തിൽ |

| | | | |
|---|---|---|---|
| | | | ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളിലും മോണിറ്ററിംഗ് കാര്യക്ഷമമാക്കിയിട്ടുണ്ട്.<br><br>സമാനമായ സംഭവങ്ങൾ വിശകലനം ചെയ്ത് ആയത് ആവർത്തിക്കാതിരിക്കുന്നതിന് ചുവടെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>1. WHO മാനദണ്ഡപ്രകാരമുള്ള ചെക്ക് ലിസ്റ്റ്, പ്രോട്ടോക്കോൾ പിന്തുടരുക.<br><br>2. രോഗിയെ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുന്നതിനു മുൻപായി കുറഞ്ഞത് രണ്ടു തവണയെങ്കിലും രോഗികളുടെ ഐഡന്റിറ്റി പരിശോധിച്ച് ഉറപ്പുവരുത്തുക.<br><br>3. ഓപ്പറേഷൻ നടത്തുന്ന സർജൻ, അനസ്തെറ്റിക്, നഴ്സിംഗ് ഓഫീസർ എന്നിവർ സർജറിക്കായി നൽകിയ സമ്മതപത്രവും മറ്റ് രേഖകളും പരിശോധിച്ച് ഉറപ്പുവരുത്തണം.<br><br>4.ശസ്ത്രക്രിയ നടത്തുന്നത് മാറിപ്പോകാതിരിക്കാൻ ശസ്ത്രക്രിയ നടത്തുന്ന സ്ഥലം/ടേബിൾ നേരത്തെതന്നെ നിശ്ചയിച്ച് നൽകണം.<br><br>5. എല്ലാ ഉപകരണങ്ങളും, സർജറിക്ക് വേണ്ട മറ്റ് സംവിധാനങ്ങളും പൂർണ്ണ സജ്ജമാണെന്ന് സർജറിക്ക് മുൻപ് ഉറപ്പ് വരുത്തണം.<br><br>6. Infection Control Protocol പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണം. |

സെക്ഷൻ ഓഫീസർ